# JANMABHOOMI - 27-06-2025



കൊച്ചിയിൽ നടന്ന മത്സ്യമേഖലയിലെ കണ്ടെത്തൽ ശില്പശാല കേന്ദ്ര ഫിഷറീസ് വകുപ്പ് ജോ. സെക്രട്ടറി സാഗർ മെഹ്റ ഉദ്ഘാടനം ചെയ്യുന്നു

## മത്സ്യമേഖലയിലെ കണ്ടെത്തൽ: ശില്പശാല നടന്നു

**മട്ടാഞ്ചേരി:** മത്സ്യമേഖലയിലെ കണ്ടെത്തലുകളെ കുറിച്ച് കൊച്ചിയിൽ ഏകദിന ശില്പശാല നടന്നു. ഉത്പാദകർ, കയറ്റുമതിക്കാർ, ഇടനിലക്കാർ തുടങ്ങി വിവിധ തലങ്ങളിൽ മത്സ്യമേഖലയിലെ കണ്ടെത്തലുകൾ വർധിപ്പിക്കണമെന്ന് ശില്പശാല അഭിപ്രായപ്പെട്ടു. ഏഷ്യൻ ഫിഷറീസ് സൊസൈറ്റി(ഇന്ത്യ) യുമായി സഹകരിച്ച് കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനമായ സിഫ്റ്റാണ് ശില്പശാല നടത്തിയത്. തുറമുഖ നഗരിയിലെ സിഫ്റ്റ് ഹാളിൽ നടന്ന ശില്പശാല കേന്ദ്ര ഫിഷറീസ് വകുപ്പു ജോ. സെക്രട്ടറി സാഗർ മെഹ്റ ഉദ്ഘാടനം ചെയ്തു. അക്വകൾച്ചർ - മത്സ്യ മേഖല കണ്ടെത്തലുകളുടെ ശൃംഖലകൾ വർധിപ്പിക്കണമെന്നും ഫിഷറീസ് ഉല്പന്നങ്ങളുടെ ആഗോള മത്സരശേഷി ഉയർത്തണമെന്ന് അദ്ദേഹം പറഞ്ഞു. സിഫ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ ജന. ഡോ. ജെ.കെ. ജെന അധ്യക്ഷയായി. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, എംപിഇഡിഎ ചെയർമാൻ ദൊഡ്ഡ വെങ്കട സ്വാമി, ഡോ. ബി.വി.ആർ.സി. പുരുഷോത്തം, ഡോ. ബിജയ് കുമാർ ബെഹ്റ, സജ്ജയ് ദേവ്, ഡോ. സൈനുദ്ദീൻ എന്നിവർ സംസാരിച്ചു.